(സി) സംസ്ഥാന സർക്കാരിന്റെ പ്രവേശന പരീക്ഷ കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ പ്രവേശനം നൽകുന്നു.

(ഡി) & (ഇ) കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന ഫീസാണ് ഈ കോളേജുകളിൽ ഈടാക്കുന്നത്.

63 (2441) തൃശ്ശൂർ ജില്ലയിൽ പുതിയ കോളേജ് തുടങ്ങാൻ നടപടി

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം പുതിയ കോളേജുകൾ തുടങ്ങുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പുതിയ കോളേജുകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡം എന്താണ്;

(സി) വിദ്യാഭ്യാസ സൗകര്യങ്ങളുടെ കാര്യത്തിൽ പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളെ പുതിയ കോളേജുകൾ ആരംഭിക്കുമ്പോൾ പരിഗണിക്കുമോ;

(ഡി) ചേർപ്പ് നിയോജകമണ്ഡലത്തിൽ ഒരൊറ്റ കോളേജും ഇല്ല എന്ന പരിഗണനയും, ഉയർന്ന വിജയശതമാനമുള്ള സ്കൂളുകളുള്ളതും കണക്കിലെടുത്ത് ഒരു കോളേജ് അനുവദിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളുടേയും ശുപാർശകൾ സർക്കാരിന് ലഭിച്ചിട്ടില്ല. ലഭിച്ചുകഴിഞ്ഞാൽ മാത്രമേ തീരുമാനം കൈക്കൊള്ളുകയുള്ളൂ.

(ബി) കോളേജിനാവശ്യമായ സ്ഥലസൗകര്യം പ്രദേശത്തെ പിന്നോക്കാവസ്ഥ, കോളേജിനുള്ള ആവശ്യകത മുതലായവയാണ് മാനദണ്ഡം.

(സി) ബന്ധപ്പെട്ട സർവ്വകലാശാലയുടെ ശുപാർശ ലഭിച്ചാൽ പരിഗണിക്കുന്നതാണ്.

(ഡി) സർവ്വകലാശാലകളുടെ ശുപാർശ സർക്കാരിന് ലഭിച്ചാൽ പരിഗണിക്കുന്നതാണ്.

64 (2442) യു.ജി.സി. ഗ്രാന്റ് നഷ്ടപ്പെടുത്തിയ നടപടി

ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. സി.ടി. അഹമ്മദ് സലി :
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കട്ട് സർവ്വകലാശാലയിലെ ഡിസ്റ്റന്റ് എഡ്യൂക്കേഷൻ വകുപ്പിന് ലഭിക്കേണ്ടിയിരുന്ന യു.ജി.സി. ഗ്രാന്റ് നഷ്ടപ്പെട്ടുപോയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly